LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ

102 [556] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹനങ്ങളുടേയും രജിസ്ട്രേഷൻ വാഹന ഉടമകൾക്ക് നേരിട്ട് നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്താമോ;

(ബി) പുതിയ വാഹനങ്ങൾ വാങ്ങുന്ന സന്ദർഭത്തിൽ ഡീലർമാർ രജിസ്ട്രേഷൻ നടത്തുമ്പോൾ ഉപഭോക്താക്കളിൽനിന്നും അമിത തുക ഈടാക്കുന്നതായ പരാതി പരിഗണിച്ച്, വാഹനങ്ങൾ വാങ്ങുന്നവർക്ക് രജിസ്ട്രേഷൻ നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്താമോ?

ഉത്തരം

(എ) വാഹനം രജിസ്റ്റർ ചെയ്യുന്ന അധികാരിയുടെ പരിധിയിൽ വാഹനം വിൽക്കുന്നയാളും വാങ്ങുന്നയാളും വരികയാണെങ്കിൽ വാഹനം വിൽക്കുന്ന ഡീലർമാർ വഴി മാത്രമേ വാഹനം പരിശോധനയ്ക്കായി എത്തിക്കുവാൻ സാധിക്കുകയുള്ളൂ. മറിച്ചാണെങ്കിൽ താൽക്കാലിക രജിസ്ട്രേഷൻ എടുത്തതിനുശേഷം വാഹന ഉടമയ്ക്ക് നേരിട്ട് വാഹനം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) ഡീലർമാർ ഉപഭോക്താക്കളിൽനിന്നും അമിത തുക ഈടാക്കുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനം വാങ്ങുന്നവർ രജിസ്റ്റർ ചെയ്യുന്ന അധികാരിയുടെ അധികാര പരിധിയ്ക്കുള്ളിലാണെങ്കിൽ മാത്രമേ വാഹനം ഡീലർമാർ വഴി രജിസ്റ്റർ ചെയ്യേണ്ടതുള്ളൂ. മറിച്ചാണെങ്കിൽ താൽക്കാലിക രജിസ്ട്രേഷനോടെ ഉടമയ്ക്ക് നേരിട്ടു തന്നെ വാഹനം ഹാജരാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

വാഹനങ്ങളുടെ സ്പീഡ് നിയന്ത്രണം

103 [557] ശ്രീമതി രാധാരാഘവൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, എ. പി. അനിൽകുമാർ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ റോഡുകളിൽ വാഹനങ്ങൾ പരമാവധി എന്ത് സ്പീഡിലാണ് ഓടിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) റോഡിന്റെ കപ്പാസിറ്റിക്കും വാഹനങ്ങളുടെ തിരക്കും അനുസരിച്ച് സ്പീഡ് നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് വിവിധ റോഡുകളിൽ വിവിധതരം വാഹനങ്ങൾ പരമാവധി എന്ത് വേഗതയിൽ ഓടിക്കണമെന്ന് നിഷ്ക്കർഷിച്ചു കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.) †

'റെന്റ് എ കാർ' സ്ഥാപനങ്ങളെക്കുറിച്ചുള്ള പരാതി

104 [558] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'റെന്റ് എ കാർ' സ്ഥാപനങ്ങളെക്കുറിച്ച് സംസ്ഥാനത്ത് വ്യാപകമായ പരാതികൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കാനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) 'റെന്റ് എ കാർ' സ്ഥാപനങ്ങളിൽനിന്നും വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങൾ ഉപയോഗിച്ച് മോഷണം, പിടിച്ചുപറി എന്നിവ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ വാഹനങ്ങളായി രജിസ്റ്റർ ചെയ്ത് ടൂറിസ്റ്റ് ടാക്സികളായി ഇപ്രകാരമുള്ള വാഹനങ്ങൾ ഓടുന്നതിനാൽ ടാക്സ് ഇനത്തിൽ സർക്കാരിന് പ്രതിവർഷം ഭീമമായ നഷ്ടമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മോട്ടോർ വാഹനങ്ങളുടെ ചാർജ്ജ് വർദ്ധനവ്

105 [559] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ബസ്സ്, ലോറി, ടാക്സി, ഓട്ടോ എന്നിവയുടെ ചാർജ്ജ് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly